LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014 മേയ് 5-ാം തീയതിയിലെ 11-ാം നമ്പർ ഓർഡിനൻസ് പ്രകാരം കേരള സാങ്കേതിക സർവ്വകലാശാല നിലവിൽ വന്നു. 2015 ആഗസ്റ്റ് 31-ാം തീയതി എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയെന്ന് പുനർ നാമകരണം ചെയ്ത് ആക്ടും നിലവിൽ വന്നു.

(ബി) സർവ്വകലാശാലയുടെ ഉദ്ദേശലക്ഷ്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സാങ്കേതിക വിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക, സാങ്കേതിക വിദ്യാഭ്യാസ പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കുക, സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഏകീകൃത പാഠ്യപദ്ധതി നടപ്പിലാക്കുക എന്നീ നേട്ടങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്.

സാങ്കേതിക സർവ്വകലാശാലയിലെ ഭരണസമിതികൾ

89(1152) ശ്രീ. കെ. സുരേഷ് കുറുപ്പ് :

പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയിൽ നിയമത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ഭരണ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഭരണപരവും അക്കാദമികവുമായ വിവിധ സമിതികളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുകൾ നടന്നിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സർവ്വകലാശാല നിലവിൽ വന്നശേഷം ഗവേണിംഗ് ബോഡിയും നിർവ്വാഹകസമിതിയും എത്ര തവണ യോഗം ചേർന്നു ; ഇതിൽ പങ്കെടുത്തവർ ആരെല്ലാം; വിശദാംശം വ്യക്തമാക്കാമോ;

(ഡി) നിയമസഭാംഗങ്ങൾ ഉൾപ്പെടെ വിവിധ മേഖലയിൽ നിന്നുള്ള പ്രതിനിധികളുടെ തെരഞ്ഞെടുപ്പിന് കാലതാമസമുണ്ടാകുന്നത് എന്തുകൊണ്ട്; പ്രസ്തുതവിഷയം സംബന്ധിച്ച് സഭയിൽ നൽകിയ ഉറപ്പ് പാലിക്കാത്തതെന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാങ്കേതിക സർവ്വകലാശാല നിയമത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ഭരണസമിതികളായ ബോർഡ് ഓഫ് ഗവർണ്ണേഴ്സ്, നിർവ്വാഹക സമിതി, അക്കാദമിക് സമിതി, ഗവേഷണ കൗൺസിൽ എന്നിവ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഭരണസമിതിയായ ബോർഡ് ഓഫ് ഗവർണ്ണേഴ്സിൽ നിയമസഭാ സാമാജികരുടേയും വിദ്യാർത്ഥികളുടേയും പ്രതിനിധികൾക്ക് മാത്രമാണ് തെരെഞ്ഞെടുപ്പ് നിഷ്കർഷിച്ചിട്ടുള്ളത്. പ്രസ്തുത തെരെഞ്ഞെടുപ്പ് നടന്നിട്ടില്ല.

(സി) സർവ്വകലാശാല നിലവിൽ വന്നശേഷം ബോർഡ് ഓഫ് ഗവർണ്ണേഴ്സ് ഒരു തവണയും നിർവ്വാഹക സമിതി അഞ്ച് തവണയും യോഗം ചേർന്നിട്ടുണ്ട്. ഓരോ യോഗത്തിലും പങ്കെടുത്തവരുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) നിയമസഭാംഗങ്ങളെ ബോർഡ് ഓഫ് ഗവർണ്ണേഴ്സിലേക്ക് തെരെഞ്ഞെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട നിയമസഭാ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിരുന്നെങ്കിലും സ്റ്റ്യാറ്റ്യൂട്ട് നിലവിലില്ലാത്തതിനാൽ തെരെഞ്ഞെടുപ്പ് നടത്താൻ സാധിക്കില്ലായെന്ന് അറിയിച്ചിട്ടുണ്ട്. സ്റ്റാറ്റ്യൂട്ട് തയ്യാറാക്കി വരുന്നു.

പോളിടെക്നിക് വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ്

90(1153) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പോളിടെക്നിക് കോളേജുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് നൽകിയിരുന്നത് പിൻവലിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എന്താണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം എന്ന് വിശദമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി അവുക്കാദർകുട്ടി നഹ സാഹിബ് മെമ്മോറിയൽ ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് നിഷേധിക്കുന്നതായി കാണിച്ച് പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതികളിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഫീസ് ഇളവ് ആനുകൂല്യം ലഭിക്കാത്തതു കാരണം എത്ര വിദ്യാർത്ഥികൾ ഈ കോളേജിൽ നിന്ന് ട്രാൻസ്ഫർ വാങ്ങിയിട്ടുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.